ആരോഗ്യ സർവ്വകലാശാല നടത്തിപ്പിലെ അപാകതകൾ

114 (806) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ സർവ്വകലാശാല തുടങ്ങിയതുമുതൽ നാളിതുവരെ നടത്തിപ്പിലെ അപാകതകൾമൂലം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായതായി ലോക്കൽ ഫണ്ട് ഓഡിറ്റ്, ആരോഗ്യവകുപ്പ് തുടങ്ങിയവയുടെ അന്വേഷണത്തിൽ കണ്ടെത്തി ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നഷ്ടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(സി) നിലവിൽ ആരോഗ്യ സർവ്വകലാശാലയിൽ ഏതൊക്കെ ഉദ്യോഗസ്ഥർ സസ്പെൻഷനിലാണ് ; സസ്പെൻഷന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റുചെയ്ത സ്ഥാപനങ്ങളിൽനിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ഉൾപ്പെടെയുള്ള തുക എത്ര ; നാളിതുവരെ എത്ര തുക ലഭിച്ചു ; എത്ര തുക നഷ്ടമായി ; നഷ്ടത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ആരോഗ്യ സർവ്വകലാശാലയുടെ നടത്തിപ്പിലെ അപാകതകൾ ഇല്ലാതാക്കാനും സർവ്വകലാശാലയിലെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനും സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് സർവ്വകലാശാലയുടെ അഫിലിയേഷൻ കാര്യങ്ങളെ സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് നടത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ച കാര്യങ്ങളെപ്പറ്റി യഥാർത്ഥ വസ്തുതകൾ വിവരിച്ചുകൊണ്ട് സർവ്വകലാശാല സർക്കാരിനും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറുപടി സമർപ്പിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ യാതൊരു അപാകതകളും നഷ്ടങ്ങളും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ സർവ്വകലാശാല രജിസ്ട്രാർ ഡോ. വി. ഐപ്പ് വർഗ്ഗീസ് മാത്രമാണ് സസ്പെൻഷനിൽ ഉള്ളത്. ഉത്തരക്കടലാസ് അച്ചടിയുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങിയതായി ഉയർന്ന ആരോപണത്തെ തുടർന്നാണ് സസ്പെന്റ് ചെയ്തത്.

(ഡി) ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം ഓരോ വർഷവും നിശ്ചയിച്ചിട്ടുള്ള അഫിലിയേഷനുമായി ബന്ധപ്പെട്ട ഫീസുകൾ കോടതി കേസ്സുകൾ നിലവിലുള്ളവ ഒഴികെ എല്ലാം ലഭിച്ചിട്ടുണ്ട്.

(ഇ) കേരള ആരോഗ്യ സർവ്വകലാശാലയുടെ സുഗമമായ നടത്തിപ്പിനും കൂടുതൽ പ്രവർത്തനങ്ങൾക്കുമായി സർക്കാർ കാലാകാലങ്ങളിൽ നിയമാനുസൃതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെയും മറ്റും കൃത്യമായ പരിശോധനകളും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമവും സുതാര്യവും ആക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്.

എയിംസ് അനുവദിക്കുന്നതിനുള്ള നടപടി

115 (807) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കേരളത്തിന് ' എയിംസ് ' അനുവദിക്കുന്ന വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമവകുപ്പ് ആവശ്യപ്പെട്ടുകയും വിശദമായ വിലയിരുത്തലുകൾക്കുശേഷം താഴെപറയുന്ന നാല് പ്രദേശങ്ങൾ എയിംസ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു :

1. കോഴിക്കോട് ജില്ലയിലെ കിനാലൂർ കാന്തലാട് വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം
2. കോട്ടയം ജില്ലയിലെ ആർപ്പുക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly